# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## കൂട്ടായ്മ നൽകുന്ന സന്തോഷം



കൂടുതൽ മക്കളുള്ളവരെപ്പറ്റി പറയുമ്പോൾ ഒന്നോ രണ്ടോ മക്കളുള്ളവർ പറയുന്ന സ്ഥിരം പല്ലവിയുണ്ട്: "ഒന്നിനെത്തന്നെ വളർത്താൻ പറ്റുന്നില്ല. പിന്നെങ്ങനെ നാലും അഞ്ചും പിള്ളേരുടെ കാര്യം". ഈ മനോഭാവത്തോട് വിയോജിച്ചുകൊണ്ട് ആറുമക്കളുള്ള പ്രദീപ് സുഭാഷ് പ്രതികരിച്ചതിങ്ങനെ: " യഥാർത്ഥത്തിൽ ഒന്നോ രണ്ടോ മക്കളെ വളർത്തുന്ന പ്രയാസവും ബുദ്ധിമുട്ടും മാത്രമേ ഉള്ളു. പിന്നീടുണ്ടാകുന്ന കുഞ്ഞുങ്ങൾ മൂത്തമക്കളുടെ തണലിൽ പരസ്പരം കൊണ്ടും കൊടുത്തും പങ്കുത്തു നൽകിയും സ്വയം പര്യാപ്തരായി ജീവിച്ചുകൊള്ളും"

ഇടപ്പള്ളിയിലെ ആലക്കളത്തു വീട്ടിൽ പ്രദീപ് സുഭാഷിനും ഭാര്യ ലീനയ്ക്കും ആറുമക്കളാണ്. 2001 മെയ് 14 നായിരുന്നു പ്രദീപിന്റെയും എറണാകുളം പാലാരിവട്ടം സ്വദേശിയായ ലീനയുടെയും വിവാഹം. പ്രദീപിന്റെ അച്ഛനും അമ്മയ്ക്കും 10 വീതം സഹോദരങ്ങളുണ്ട്. ഈ വലിയ കുടുംബങ്ങളിലെ സൌഹൃദാന്തരീക്ഷവും സന്തോഷവും കണ്ടു വളർന്ന പ്രദീപിന് കൂടുതൽ കുട്ടികൾ ഉണ്ടാകണമെന്ന ആഗ്രഹമുണ്ടായിരുന്നു. സമാന ചിന്താഗതിയായിരുന്നു ലീനയ്ക്കും. " ഞങ്ങളുടെ കുടുംബത്തിൽ എനിക്കു താഴെ 44 ഫസ്റ്റ് കസിൻസുണ്ടെനിക്ക്. ഞങ്ങളുടെ കുടുംബ കൂട്ടായ്മകളിൽ എല്ലാവരും ഒത്തു ചേരുമ്പോഴുള്ള ആനന്ദവും ആഹ്ളാദവും പറഞ്ഞറിയിക്കാനാവില്ല. സത്യത്തിൽ ഈ കൂട്ടായ്മയാണ് കൂടുതൽ കുട്ടികൾ എന്ന ചിന്ത എന്നിൽ ഉണർത്തിയത്" പ്രദീപ് പറയുന്നു.
മൂത്ത മകൾ മരിയ ആറിൽ പഠിക്കുന്നു. രണ്ടാമത്തെ മകൾ സിസിലിയ അഞ്ചിലും മൂന്നാമത്തെ മകൻ ജോർജ് മൂന്നിലുമാണ്. നാലാമൻ അലക്സ് എൽകെജി വിദ്യാർത്ഥിയാണ്. അഞ്ചാമത്തെ പ്രസവത്തിൽ രണ്ടുപേർ പിറന്നു ആന്റണിയും ഫ്രാൻസിസും. ഈ സെപ്തംബറിൽ ഇരട്ടകൾക്കു രണ്ടു വയസ്സു തികയും.

മക്കളെ വളർത്താൻ ശാരീരികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പങ്കുവയ്ക്കുന്ന മാതാപിതാക്കളുണ്ട്. ദൈവപദ്ധതിക്കു എല്ലാം വിട്ടു നൽകിയാൽ എല്ലാം അവിടുന്നു നോക്കിക്കൊള്ളും എന്നുപ്രദീപും ലീനയും പറയുന്നു. കൂടുതൽ മക്കളുണ്ടായപ്പോൾ കൂടുതൽ അനുഗ്രഹങ്ങൾ ദൈവം ചൊരിയുന്ന അനുഭവമാണ് തങ്ങൾക്കുള്ളതെന്ന് ഈ ദമ്പതികൾ സാക്ഷ്യപ്പെടുത്തുന്നു. 'ഫാംസ് ഡയറി' എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറാണ്

പ്രദീപ്. ക്ഷീരകാർഷിക മേഖലയിൽ ആധുനിക സാങ്കേതിക വിദ്യകൾ നൽകുന്ന ജർമ്മൻ കമ്പനിയായ GEA യുടെ കേരളത്തിലെ ഡീലറാണ്. കർഷകരിൽ നിന്നു പാൽ സംഭരിച്ച് വിഷാംശം ഒട്ടുമില്ലാത്ത പാലും പാലുത്പന്നങ്ങളും വിപണിയിലെത്തിക്കുന്ന സംരംഭത്തിനും ഫാംസ് ഡയറി നേതൃത്വം നൽകുന്നുണ്ട്. ടീച്ചറായിരുന്ന ലീന ഇരട്ടക്കുട്ടികളുടെ വരവോടെ ജോലി ഉപേക്ഷിച്ച് മക്കളുടെ പരിചരണം ഏറ്റെടുത്തിരിക്കയാണിപ്പോൾ.

കൊടുത്തും എടുത്തും പരസ്പരം താങ്ങും തണലുമായാണ് മക്കൾ വ്യാപരിക്കുന്നതെന്നു പ്രദീപ് സൂചിപ്പിക്കുന്നു. പഠിപ്പിക്കാനും "തിരുത്താനും" ഒന്നിനും വലിയ പരിശ്രമം വേണ്ട. എല്ലാം മക്കൾ താനേ ചെയ്യുന്നു. ദൈവാശ്രയബോധവും പ്രാർത്ഥനയിൽ ആഴപ്പെട്ട അന്തരീക്ഷവും നല്ല മക്കളെ നമുക്കു സമ്മാനിക്കുന്നു എന്ന് പ്രദീപ് പറയുന്നു.

ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ (ഉൽപത്തി 1:28).
നോഹയെയും പുത്രൻമാരെയും അനുഗ്രഹിച്ചുകൊണ്ടു ദൈവം പറഞ്ഞു: സന്താന പുഷ്ടിയുണ്ടായി, പെരുകി, ഭൂമിയിൽ നിറയുവിൻ (ഉൽപത്തി 9:1).
കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും (സങ്കീർത്തനങ്ങൾ127:3).